I/182039/2024

ഫയൽ നം :എ5/30/2024-റ്റിസി തിയതി : 15-02-2024

**സർക്കുലർ 06/2024**

വിഷയം :- വിഷയം: മോട്ടോർ വാഹന വകുപ്പ്- ഓഫീസുകളിൽ ലഭിക്കുന്ന തപാലുകൾ സമർ പ്പിക്കുന്നതിൽ പഞ്ച ദിന തത്വം ( Five day rule) പാലിക്കുന്നത് - സംബന്ധിച്ച്

മാനുവൽ ഓഫ് ഓഫീസ് പ്രൊസീഡ്യർ ( Manual of Office procedure) ഖണ്ഡിക 151 പ്രകാരം ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സാധാരണ ഗതിയിൽ 5 ദിവസത്തിനുള്ളിൽ ഉത്തരവിനായി സമർപ്പിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി കണക്കാക്കുന്ന 5 ദിനങ്ങളിൽ അവധികൾ ഒഴിവാക്കിയിട്ടില്ല എന്നും ടി ഖണ്ഡികയിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.മേൽ സാഹചര്യത്തിൽ ഒരു സെക്ഷനിൽ വ്യക്തമായ കാരണം ഇല്ലാതെ 5 ദിവസത്തിൽ അധികം ഒരു തപാൽ നടപടിയില്ലാതെ സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട സൂപ്രണ്ട് ഉത്തരവാദിയായിരിക്കും എന്നും നിഷകർഷിച്ചിട്ടുള്ളതാണ്.

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളിലും നിർബന്ധമായും പഞ്ച ദിന തത്വം ( Five day rule) പാലിച്ച് തപാലുകളിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് എന്ന് ബഹു ഗതാഗത മന്ത്രി നിർദേശിച്ചിട്ടുണ്ട്. ആയത് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

PRAMOJ SANKER P S
ADDITIONAL TRANSPORT COMMISSIONER

സ്വീകർത്താവ് :-

1.എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
3. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ( എൻഫോർസ്മെന്റ്) മാരും
4. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
5. വകുപ്പ് ആസ്ഥാനത്തെ എല്ലാ സെക്ഷൻ സൂപ്രണ്ട് മാരും സെക്ഷനുകളും

പകർപ്പ് : -

1. വകുപ്പ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരുടെ സി എ മാർ

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317
മോട്ടോർ വാഹന വകുപ്പ്, കേരളം

Signed by
Pramoj Sanker P S
Date: 15-02-2024 22:15:35